(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്

*3 [233] ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവുമായി വ്യാപാര ബന്ധം മെച്ചപ്പെടുത്താൻ താൽപര്യമുണ്ടെന്നും സംസ്ഥാനത്ത് നിക്ഷേപത്തിന് ഏറെ സാദ്ധ്യതകളുണ്ടെന്നും തായ്ലന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പോർട്ട് പ്രമോഷൻ വിഭാഗം സൂചിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ നടപടികൾ എന്നത്തേയ്ക്ക് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

(എ ആന്റ് ബി) ഇന്ത്യയും തായ്ലന്റും അടുത്തകാലത്ത് ഒപ്പുവച്ച സ്വതന്ത്ര വ്യാപാര കരാർ പ്രകാരം ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരബന്ധം മെച്ചപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി തായിലന്റിലെ കയറ്റുമതി വികസന വകുപ്പിലെ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ടീമിലെ ചില അംഗങ്ങൾ 2004 ഫെബ്രുവരി മാസത്തിൽ ഇന്ത്യയിൽ വന്നപ്പോൾ കൊച്ചിയും സന്ദർശിക്കുകയുണ്ടായി. കൊച്ചിൻ ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇന്റസ്ട്രിയുടെ ആഭിമുഖ്യത്തിൽ തായ് സംഘവുമായി ചർച്ച നടത്തിയിരുന്നു. സർക്കാർ തലത്തിലുള്ള ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല. വാണിജ്യത്തിന് വളരെയധികം സാദ്ധ്യതയുള്ള രാജ്യമാണ് തായ്ലന്റ് എന്നും ഇതിനെ ഇന്ത്യയിലെ വ്യാപാര സമൂഹം പ്രയോജനപ്പെടുത്തണമെന്നും തായ്സംഘം അഭ്യർത്ഥിച്ചു. നമ്മുടെ സംസ്ഥാനത്ത് നിക്ഷേപത്തിന് ഏറെ സാദ്ധ്യതകൾ ഉണ്ട് എന്നല്ല; മറിച്ച് അവരുടെ രാജ്യത്ത് വ്യാപാരത്തിന് വലിയ സാദ്ധ്യതകൾ ഉണ്ട് എന്നാണ് അവർ സൂചിപ്പിച്ചത്.

(സി) ഇതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി സർക്കാർ നടപടി ഒന്നും നടപ്പിൽ വരുത്തുവാനില്ല. എന്നാൽ മുംബൈയിലെ തായ് ട്രേഡ് സെന്റർ വഴി കേരളത്തിലെ ഭക്ഷ്യോത്പന്നങ്ങൾക്കും മറ്റും തായ്ലന്റിൽ വിപണി കണ്ടെത്താനുള്ള ശ്രമം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly